**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3690** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയുടെ പുരോഗതിയെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയുടെ പുരോഗതിയെ ബാധിക്കുന്ന പ്രധാന തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പച്ചപ്പുല്ലിന്റെ ലഭ്യതകുറവ്<br>2. കൂടിയ ഉൽപാദനചെലവും തദ്വാര മേഖലയിൽ നിന്നും കുറഞ്ഞ ലാഭവും.<br>3. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.<br>4. കാലികളുടെ ചികിത്സാചെലവ്<br>5, ക്ഷീരമേഖലയിലെ സംരംഭകരുടെ കുറവ്.<br>6. കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ.<br>7. ആധുനികവൽക്കരണം മൂലം സ്ഥല ലഭ്യതക്കുറവ്.<br>8. അശാസ്ത്രീയമായ മലിനീകരണ നിയന്ത്രണ നിയമങ്ങളും ലൈസൻസിംഗ് നിയമങ്ങളും.<br>9. സഹകരണമേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ച ഈ അവസരത്തിൽ കൂടുതൽ പാൽ കൈകാര്യം ചെയ്യാനുള്ള പ്രായോഗിക ബുദ്ധിമുട്ട്. ഇതിനു പരിഹാരമായി നിലവിൽ മലപ്പുറം ജില്ലയിൽ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുകയാണ് . |
| (ബി) | ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ശാസ്ത്രീയമായ പശുപരിപാലനത്തിലൂടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിനായി ക്ഷിരപരിശീലന |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ മുഖേനയും ഗ്രാമീണ വിജ്ഞാനവ്യാപന പ്രവർത്തന പദ്ധതികൾ മുഖേനയും ക്ഷീരകർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു.<br><br>ക്ഷീര മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ മലബാർ മേഖലാ യൂണിയൻ കറവപശുക്കളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 70% സബ്സിഡിയോടു കൂടി ബൈപ്പാസ് ഫാറ്റ്, ധാതുലവണ മിശ്രിതം എന്നിവ ക്ഷീര കർഷകർക്ക് നൽകിവരുന്നു.<br><br>2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ക്ഷീര വികസനത്തിനായി പുതിയ പദ്ധതിയായ "കർഷക ഉൽപ്പാദക സംഘം പ്രോത്സാഹന സ്ഥാപന രൂപീകരണം" നടപ്പിലാക്കുന്നതിനായി 96.98 ലക്ഷം രൂപ കെ.എൽ.ഡി ബോർഡിന് അനുവദിച്ചിട്ടുണ്ട് . സുസ്ഥിരവും സമതുലിതവുമായ കൃഷിയും ഗ്രാമീണ സമൃദ്ധിയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കർഷകർ ഉല്പാദന സംഘങ്ങൾ വികസിപ്പിച്ച് എടുക്കുക എന്നതാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ ഒരു സംഘടിത സംവിധാനത്തിലൂടെ മെച്ചപ്പെട്ട വരുമാനം ചെറുകിട ഉൽപാദകർക്ക് ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിനും പോഷക സമ്പുഷ്ടമായ തീറ്റ സമ്പ്രദായം, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കുന്നതിനും കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പരിഗണനയിലില്ല. ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തൊഴുത്തുകളുടെ നിർമ്മാണം നടപ്പാക്കിവരുന്നു. കൂടാതെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളിൽ അടിസ്ഥാന സൗകര്യവികസനത്തിനും യന്ത്രവൽക്കരണത്തിനും ധനസഹായം നൽകിവരുന്നുണ്ട്.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയൻ ഗുണനിലവാരമുള്ള തീറ്റപ്പുല്ല് ചോളപ്പുല്ല് , ചോളം സൈലേജ്, വൈക്കോൽ എന്നീ പരുഷാഹാരങ്ങൾ സബ്സിഡിയോടെ ആവശ്യമുള്ള കർഷകർക്ക് വിതരണം ചെയ്ത് വരുന്നുണ്ട് . പശുക്കളിൽ പോഷകസമ്പുഷ്ടമായ തീറ്റ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമുള്ള കർഷകർക്ക് മിനറൽ മിക്സ്ച്ചർ, ബൈപ്പാസ്സ് ഫാറ്റ് എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ